മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 മെയ് 18

# വാർത്താക്കുറിപ്പ്

---

## ജോബ് ഫെയറിൽ 62 പേർക്ക് തൊഴിൽ വാഗ്ദാനം

മഹാത്മാഗാന്ധി സർവ്വകലാശാല സ്‌കൂൾ ഓഫ് ബിഹേവിയറൽ സയൻസസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ജോബ് ഫെയറിൽ 62 ഉദ്യോഗാർത്ഥികളെ വിവിധ തസ്തികകളിലേക്ക് തെരഞ്ഞെടുത്തു. സോഷ്യൽ വർക്ക്, സൈക്കോളജി, സ്പീച്ച് തെറാപ്പി, നഴ്‌സിംഗ്, സ്‌പെഷ്യൽ എഡ്യുക്കേഷൻ മാനേജ്‌മെന്റ് എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലേക്കാണ് നിയമനം നടന്നത്.

സ്വകാര്യ മേഖലയിൽ നിന്നുള്ള 12 സ്ഥാപനങ്ങളാണ് മേളയിൽ പങ്കെടുത്തത്. വിവിധ വിഭാഗങ്ങളിലായി 104 ഉദ്യോഗാർത്ഥികളും പരിപാടിക്കെത്തി. ബിരുദവും ബിരുദാനന്തര ബിരുദവും യോഗ്യതയായുള്ള തസ്തികകളിലേക്കാണ് പ്രധാനമായും ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്തതെന്ന് സ്‌കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് മേധാവി പ്രൊഫ. പി.റ്റി. ബാബുരാജ് അറിയിച്ചു. കൂടുതൽ ഉദ്യോഗാർത്ഥികളെയും തൊഴിൽ ദാതാക്കളെയും പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ തോതിൽ ജോബ് ഫെയർ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

രാവിലെ സ്‌കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടന്ന ചടങ്ങിൽ വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ പരിപാടി ഉദ്ഘാടനം ചെയ്തു. പ്രൊഫ. പി.റ്റി. ബാബുരാജ് അധ്യക്ഷനായിരുന്നു. കേരള സ്റ്റാർട്ടപ്പ് മിഷൻ അസിസ്റ്റന്റ് മാനേജർ ബർജിൻ എസ് റസ്സൽ, ജില്ലാ എംപ്ലോയ്‌മെന്റ് ഓഫീസർ ജി ജയശങ്കർ പ്രസാദ്, രാജേഷ് ഇ., ഹരികൃഷ്ണൻ എം.ജി., ഡോ. സിനു തോമസ് തുടങ്ങിയവർ പങ്കെടുത്തു.

**ഫോട്ടോ ക്യാപ്ഷൻ** : മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സംഘടിപ്പിച്ച ജോബ് ഫെയർ പ്രൊ-വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു.

(പി.ആർ.ഒ./39/606/2022)

## പൊതു പ്രവേശന പരീക്ഷ (സി.എ.റ്റി.) മെയ് 27 നും 29 നും

സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെയും ഇന്റർ സ്‌കൂൾ സെന്ററിലെയും വിവിധ പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിനായി മെയ് 27 (വെള്ളി), 29 (ഞായർ) തീയതികളിൽ നടത്തുന്ന

പൊതു പ്രവേശന പരീക്ഷക്കുള്ള ഹാൾ ടിക്കറ്റ് www.cat.mgu.ac.in എന്ന വെബ്സൈറ്റിൽ നിന്നും മെയ് 17 മുതൽ ഡൗൺലോഡ് ചെയ്തെടുക്കാം. പരീക്ഷയുടെ വിശദമായ ഷെഡ്യൂൾ വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0481 2733595 എന്ന ഫോൺ നമ്പറിലോ cat@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

(പി.ആർ.ഒ./39/607/2022)

## സെപഷ്യൽ പരീക്ഷ: വിവരം 21 നകം നൽകണം

കോവിഡ് കാരണങ്ങളാൽ അഞ്ചാം സെമസ്റ്റർ റഗുലർ പരീക്ഷാ അവസരം (റഗുലർ - ആദ്യ ചാൻസ്) നഷ്ടമായ 2019 അഡ്മിഷൻ വിദ്യാർത്ഥികൾക്ക്, അഞ്ചാം സെമസ്റ്റർ സി ബി സി എസ് സ്പെഷ്യൽ സപ്ലിമെന്ററി (2019 അഡ്മിഷൻ) പരീക്ഷ പ്രത്യേക പരീക്ഷയായി പഴയ ഹാൾ ടിക്കറ്റ് ഉപയോഗിച്ച് എഴുതാവുന്നതാണ്. ഇപ്രകാരം പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ കോളേജുകൾ നിശ്ചിത ഗൂഗിൾ ഫോമിൽ മെയ് 21ന് വൈകിട്ട് 5ന് മുൻപ് ലഭ്യമാക്കേണ്ടതാണ്.

കോവിഡ് കാരണങ്ങളാൽ അഞ്ചാം സെമസ്റ്റർ റഗുലർ-പ്രൈവറ്റ് പരീക്ഷാ അവസരം (റഗുലർ - ആദ്യ ചാൻസ്) നഷ്ടമായ വിദ്യാർത്ഥികൾക്ക് അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്. പ്രൈവറ്റ് (2018, 2017 അഡ്മിഷൻ - റീ അപ്പിയറൻസ്) പരീക്ഷ പ്രത്യേക പരീക്ഷയായി പഴയ ഹാൾ ടിക്കറ്റ് ഉപയോഗിച്ച് എഴുതാവുന്നതാണ്. ഇപ്രകാരം പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾ, റഗുലർ പരീക്ഷയുടെ ഹാൾ ടിക്കറ്റ്, മെഡിക്കൽ/ ക്വാറൻ്റൈൻ സർട്ടിഫിക്കറ്റ് എന്നിവ dr3exam@mgu.ac.in എന്ന ഇമെയിൽ വിലാസത്തിലേയ്ക്ക് മെയ് 21ന് വൈകിട്ട് 5 ന് മുൻപായി അയച്ചുനൽകേണ്ടതാണ്

(പി.ആർ.ഒ./39/608/2022)

## അപേക്ഷാ തീയതി നീട്ടി

അഞ്ചാം സെമസ്റ്റർ ബി.എ./ ബി.കോം. (സി.ബി.സി.എസ്. 2018, 2017 അഡ്മിഷൻ - റീ-അപ്പിയറൻസ് - പ്രൈവറ്റ് രജിസ്ട്രേഷൻ), സി.ബി.സി.എസ്. (2019 അഡ്മിഷൻ - സ്പെഷ്യൽ സപ്ലിമെന്ററി - പരാജയപ്പെട്ടവർക്ക്) ബിരുദ പരീക്ഷകൾക്ക് 1050 രൂപ സൂപ്പർഫൈനോടു കൂടി അപേക്ഷിക്കുന്നതിനുള്ള സമയം മെയ് 19 വരെ നീട്ടി. 525 രൂപ പിഴയോടു കൂടി ഫീസടയ്ക്കുന്നതിന് മെയ് 18 വരെ സമയമനുവദിച്ചിരുന്നു.

(പി.ആർ.ഒ./39/609/2022)

## പരീക്ഷാ ഫീസ്

നാലാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി. (2019 അഡ്മിഷൻ - റെഗുലർ / 2018 അഡ്മിഷൻ - സപ്ലിമെന്ററി / 2015 മുതൽ 2017 വരെയുള്ള അഡ്മിഷനുകൾ - സപ്ലിമെന്ററി, 2014 അഡ്മിഷൻ - ഫസ്റ്റ് മെഴ്സി ചാൻസ് / 2013 അഡ്മിഷൻ - സെക്കന്റ് മെഴ്സി ചാൻസ് / 2012 അഡ്മിഷൻ - തേഡ് മെഴ്സി ചാൻസ്), എട്ടാം സെമസ്റ്റർ എൽ.എൽ.ബി. - പഞ്ചവത്സരം (2010 അഡ്മിഷൻ - ഫസ്റ്റ് മെഴ്സി ചാൻസ് / 2009 അഡ്മിഷൻ - സെക്കന്റ് മെഴ്സി ചാൻസ് / 2008 അഡ്മിഷൻ - തേഡ് മെഴ്സി ചാൻസ്) പരീക്ഷകൾ ജൂൺ ഏഴിന് ആരംഭിക്കും. പിഴയില്ലാതെ മെയ്

25 വരെയും 525 രൂപ പിഴയോടു കൂടി മെയ് 26 നും 1050 രൂപ സൂപ്പർഫൈനോടു കൂടി മെയ് 27 നും അപേക്ഷിക്കാം. ടൈം ടേബിൾ, പരീക്ഷാ ഫീസ് സംബന്ധിച്ച മറ്റ് വിവരങ്ങൾ തുടങ്ങിയവ സർവ്വകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/610/2022)

## പരീക്ഷാ ഫലം

സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് 2021 ജൂലൈയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ടി.ടി.എം. (2020-2022 ബാച്ച് - റെഗുലർ ) (ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി സ്റ്റഡീസ് ഫാക്കൽറ്റി, സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/611/2022)

2021 മാർച്ചിൽ നടന്ന ഒന്ന്, രണ്ട് സെമസ്റ്ററുകൾ (പ്രൈവറ്റ് പഠനം - റെഗുലർ) എം.എ. (ഹിന്ദി, സംസ്കൃതം - ജനറൽ, സംസ്കൃതം - സ്പെഷ്യൽ - സാഹിത്യ, വേദാന്ത) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും യഥാക്രമം 370 രൂപ, 160 രൂപ നിരക്കിൽ ഫീസടച്ച് ജൂൺ രണ്ട് വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/612/2022)

പി.സി. സുരേഷ് കുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ